നിന്നും പുറത്തുപോയി തിരിച്ചുപ്രവേശിക്കുന്ന സമയത്ത് എ.ടി.സി. ഗേറ്റിനു സമീപത്തുവച്ച് സുരക്ഷാ ഡ്യൂട്ടിയിലുണ്ടായിരുന്ന CISF സബ് ഇൻസ്പെക്ടർ ശ്രീ. സീതാറാം ചൗധരിടിയാനെ സുരക്ഷാ പരിശോധനയുടെ ഭാഗമായി മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് പരിശോധിക്കുന്നതിനിടയിൽ മെറ്റൽ ഡിറ്റക്ടർ ദേഹത്ത് തട്ടി എന്നാരോപിച്ചുകൊണ്ട് വാക്കുതർക്കം ഉണ്ടാകുകയും ഇത് CISF ഭടന്മാരും എയർപോർട്ട് അഗ്നിശമനസേനാ ഉദ്യോഗസ്ഥരും തമ്മിൽ സംഘർഷത്തിന് ഇടയാക്കുകയും ചെയ്തു.

(സി) വിമാനത്താവളങ്ങളുടെ ആഭ്യന്തര സുരക്ഷാ ചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിനു കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സേനയ്ക്കുമാണ്. ഈ ഏജൻസികൾ തമ്മിൽ എന്തെങ്കിലും ആഭ്യന്തര പ്രശ്നങ്ങളുണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതും പരിഹാരം കണ്ടെത്തുന്നതും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തന്നെയാണ്. എന്നിരുന്നാലും ഈ സംഭവത്തെത്തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വിമാന യാത്രികരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെയും സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലെയും കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെയും സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് 16-6-2015-ൽ ചേർന്ന ഉന്നതതലയോഗത്തിലെ തീരുമാനങ്ങൾ അനുസരിച്ചുള്ള തുടർനടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

ആധുനിക കടൽ സുരക്ഷാ സംവിധാനങ്ങൾ

13 (*463) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം രീതിയിലുള്ള ആധുനിക കടൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യബന്ധന ബോട്ടുകളിൽ വെസ്സൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ വിശദമാക്കുമോ ;

(സി) വെസ്സൽ ട്രാക്കിംഗ് സംവിധാനത്തിന്റെ പ്രത്യേകതകൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് രജിസ്ട്രേഷനുള്ള മത്സ്യബന്ധന ബോട്ടുകളിലെല്ലാം വെസ്സൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് എത്ര സമയം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) സംസ്ഥാനത്ത് ആധുനിക കടൽ സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമായി മത്സ്യബന്ധന ബോട്ടുകളിൽ ആട്ടോമാറ്റിക് ഫിഷിംഗ് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കടൽ സുരക്ഷയുടെ ഭാഗമായി കടലിൽ വച്ച് അപകടം സംഭവിക്കുന്നവരെ സഹായിക്കാൻ ആധുനിക സംവിധാനങ്ങളുള്ള 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) മത്സ്യബന്ധന ബോട്ടുകളിൽ വെസ്സൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതുവഴി കടലിൽ പോകുന്ന ബോട്ടുകളുടെ വിവരങ്ങൾ കൃത്യമായി അറിയുവാനും കടലിൽ വച്ച് ബോട്ടുകൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ ആ വിവരം കരയിലുള്ള ഉദ്യോഗസ്ഥന്മാർക്ക് അറിയാൻ കഴിയുന്നതിലൂടെ രക്ഷാ പ്രവർത്തനം നടത്തുവാൻ സഹായിക്കുകയും ചെയ്യും.

(സി) 1. വെസ്സൽ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതുവഴി വ്യാജ രജിസ്ട്രേഷനുള്ള ബോട്ടുകൾ തിരിച്ചറിയാൻ സാധിക്കും.

2. ഏകദേശം 15-25 കിലോമീറ്റർ വരെ കടലിൽ യാനങ്ങളെ ട്രാക്ക് ചെയ്യുവാൻ സാധിക്കും.

3. രക്ഷാപ്രവർത്തനം വേഗത്തിൽ നടത്തുവാൻ സാധിക്കും.

4. കോസ്റ്റൽ സെക്യൂരിറ്റിയുടെ ഭാഗമായി അന്യസംസ്ഥാനങ്ങളുടെയും അയൽ രാജ്യങ്ങളുടെയും ബോട്ടുകളെയും തിരിച്ചറിയാൻ സാധിക്കും.

(ഡി) വെസ്സൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ കൊല്ലം ജില്ലയിലെ 300 യന്ത്രവൽകൃത ബോട്ടുകളിലാണ് സിസ്റ്റം ഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. കെൽട്രോൺ മുഖേനയാണ് ടി പ്രോജക്ട് നടപ്പിലാക്കുന്നത്. ടി പ്രോജക്ട് നടപ്പിലാക്കുന്നതിന് വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രോജക്ട് പൂർത്തീകരിക്കുന്നതിന് 10 മാസം വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly